LIBRARY ARCHIVES Kerala Legislative Assembly

## എയർ കേരളയുടെ പ്രവർത്തനം

189 (1799) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'എയർ കേരള'-യുടെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) 'എയർ കേരള'വഴി ആഭ്യന്തര സർവ്വീസും അന്താരാഷ്ട്ര സർവ്വീസും ലക്ഷ്യമിടുന്നുണ്ടോ ;

(സി) എത്ര വിമാനങ്ങളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റുകൾ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ അനുമതി ലഭിച്ചശേഷം 'എയർ കേരള' സർവ്വീസ് ആരംഭിക്കുവാൻ, എയർ കേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ്മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചെലവിലുള്ള യാത്രാ സൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പ്രവൃത്തി പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ടി ഇളവുകൾ ലഭിച്ചശേഷമേ ആവശ്യമായ വിമാനങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

## തിരുവനന്തപുരം വിമാനത്താവളത്തിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷനും എയ്റോപോളിസ് പദ്ധതിയും

190 (1800) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വിമാനത്താവളത്തിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷന് പറ്റിയ ചുറ്റുപാടുകൾ ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ പ്രസ്തുത രീതി നടപ്പിൽവരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതിനോടൊപ്പം എയ്റോപൊളിസ് പദ്ധതികൂടി നടപ്പിൽവരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) തിരുവനന്തപുരം എയർപോർട്ട് കേന്ദ്രീകരിച്ച് മൾട്ടിമോഡൽ ട്രാൻസ്പോർട്ട് ഹബ്ബും ഉൾപ്പെടുന്ന തിരുവനന്തപുരം എയ്റോപൊളിസ് പദ്ധതി നിർദ്ദേശം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്ന് ലഭിക്കുകയും ടി പദ്ധതിയുടെ പ്രീ ഫീസിബിലിറ്റി പഠനം വ്യോമയാന മേഖലയിൽ പ്രാവീണ്യമുള്ള കൺസൾട്ടന്റുകളെയും വിദഗ്ദ്ധരെയും ഉൾപ്പെടുത്തി നടത്താൻ കെ.എസ്.ഐ.ഡി.സി. യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് വിമാനത്താവളത്തിലെ ബാഗേജ് നീക്കം

181 (1801) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിലെ ബാഗേജ് നീക്കം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ 'ഇൻലൈൻ ബാഗേജ് ക്ലിയറൻസ്' സംവിധാനത്തിന് വേണ്ടി യന്ത്രങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണ് വന്നതെന്നും ഇത് പൂർണ്ണമായും പ്രവർത്തിച്ച് തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത് എന്നത്തേക്ക് പൂർണ്ണമായും പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് വിമാനത്താവളത്തിൽ ഇൻലൈൻ ബാഗേജ് ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള യന്ത്രങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

(സി & ഡി) ടി യന്ത്രങ്ങൾ 6-3-2009-ൽ സ്ഥാപിച്ചു. ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അവ പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly